# പരമാത്മാവിലേക്ക്

നെഞ്ചിൻ കൂട്ടിലെ തബലയുടെ മിടുപ്പ്, ആയിരം മാടപ്രാവു
കളുടെ ചിറകടിയായി  ചക്രവാളങ്ങളുടെ സീമകൾ കടന്ന്
ഒരു മാറ്റൊലിയായി മറഞ്ഞു!

അസ്ഥികളുടെ കൂട്ടിനുള്ളിൽ വിങ്ങുന്ന ശ്വാസകോശങ്ങളിൽ
കുടുങ്ങിയ പ്രാണൻ, കരിയിലക്കൂട്ടത്തിലെ വരണ്ട
കാറ്റുപോലെ ഞരക്കം സൃഷ്ടിച്ചു.

ഒഴുകാൻ മറന്നുപോയ പുഴ, നീരു വറ്റിയ അരുവി,
സിരകളിലെ  പ്രവാഹം മന്ദിച്ചു, പിന്നെ നിശ്ചലമായി!
തളം കെട്ടി നിന്ന ജീവ ജലം!

മനസ്സിന്റെ താഴ്വാരങ്ങളിൽ നിന്നും ഊളിയിട്ടെത്തിയ
ചുഴലിക്കാറ്റിന്റെ ശക്തിപ്രവാഹത്തിൽ പിണിയഴിഞ്ഞ
സിരാകേന്ദ്രത്തിന്റെ മുടിയഴിഞ്ഞാട്ടത്തിൽ ഞാൻ ഉലഞ്ഞു.

അവസാനമില്ലാത്ത, ഒരു വീഴ്ച.... കട്ടപിടിച്ച ഇരുട്ടിന്റെ
ചുവരുകൾ മാത്രമുള്ള, അടിത്തട്ടില്ലാത്ത
കുഴൽക്കിണറിലേക്ക്,

ആ മയക്കത്തിൽ നിന്നും ഉണരാൻ പലവട്ടം നടത്തിയ
ശ്രമം  അബോധാഅവസ്ഥയുടെ  കയത്തിലേയ്ക്കുള്ള
പതനമായി മാറി .

അനുഭവപ്പെട്ട ഭാരം ഇല്ലായ്മ, ഭൂമിയുടെ ഗുരുത്വാകർഷണം
നഷ്ടമായോ?
അതോ എന്റെ മഞ്ചൽ ആരോ പെട്ടെന്ന് ഉയർത്തിയതോ ?



Dr Achankunju Chacko